(ബി) വിവാഹങ്ങളോടനുബന്ധിച്ചുള്ള ആഡംബരങ്ങൾക്ക് നികുതി ചുമത്തുവാൻ ഉദ്ദേശമുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ ആന്റ് ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ലോട്ടറി നിരോധനം

*14 [44] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറികളുടെ നിരോധനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഒറ്റനമ്പർ തുടങ്ങിയ മറ്റിനം ലോട്ടറികൾക്ക് എന്നുമുതലാണ് നിരോധനം നിലവിൽ വന്നിട്ടുള്ളത്;

(സി) പ്രസ്തുത ലോട്ടറി നിരോധനത്തിലൂടെ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) ഉണ്ട്.

(ബി) ഒറ്റ നമ്പർ ലോട്ടറികൾ കേന്ദ്രനിയമംമൂലം 1998 മുതൽ നിരോധിച്ചിട്ടുണ്ട്.

(സി) കേരള ഭാഗ്യക്കുറിയുടെ വില്പന വർദ്ധിക്കുകയും നികുതിയിതര വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂഗർഭജല ലഭ്യതാപഠനം

*15 [45] ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യതയെ സംബന്ധിച്ച് സമീപകാലത്ത് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly